**പതിമൂന്നാം കേരള നിയമസഭ**

**ഒൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2018** 18.06.2013 ൽ മറുപടിക്ക്

## പാലക്കാട് റെയിൽവെ കോച്ച് ഫാക്ടറി നിർമ്മാണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. ചന്ദ്രൻ: | | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |
| (എ) | പാലക്കാട് റെയിൽവെ കോച്ച് ഫാക്ടറിക്ക് തറക്കല്ലിട്ടത് എന്നാണെന്നു വ്യക്തമാക്കുമോ; | (എ) | 21.02.2012 ന്. |
| (ബി) | എന്തെല്ലാം പ്രവർത്തനങ്ങളാണ് പ്രസ്തുത നിർമ്മാണവുമായി ബന്ധപ്പെട്ട് നടത്തിയിട്ടുള്ളത് ; | (ബി) യും (സി) യും | ഏറ്റെടുത്ത 429.27 ഏക്കർ ഭൂമിയിൽ, 239 ഏക്കർ 33.70 കോടി രൂപയ്ക്ക് സംസ്ഥാന സർക്കാർ റയിൽവേയ്ക്ക് കൈമാറിയിട്ടുണ്ട്. ബാക്കി ഭൂമി അതേനിരക്കിൽ കൈമാറുന്നത് സംബന്ധിച്ച റയിൽവേയുടെ നിർദ്ദേശം സംസ്ഥാന സർക്കാർ പരിശോധിച്ചു വരുന്നു. |
| (സി) | ഇതിനായി എത്ര ഏക്കർ സ്ഥലമാണ് സർക്കാർ റെയിൽവെയ്ക്ക് ഏറ്റെടുത്തു നല്കിയിട്ടുള്ളത് ; | | |
| (ഡി) | പ്രസ്തുത കോച്ച് ഫാക്ടറി ഏതു മേഖലയിലാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത് ; | (ഡി) യും (ഇ) യും | പദ്ധതി സ്വകാര്യ പങ്കാളിത്തത്തോടെയുള്ള കൂട്ടു സംരംഭമായി നടപ്പിലാക്കാനാണ് റയിൽവേ തീരുമാനിച്ചിരിക്കുന്നത്. സ്വകാര്യ പങ്കാളിയെ കണ്ടെത്തുന്നതിനായുള്ള ടെണ്ടർ തയ്യാറാക്കുന്ന നടപടികൾ നടന്നു വരുന്നു. ടെണ്ടർ നടപടികൾ പൂർത്തിയാക്കുന്ന മുറയ്ക്ക് നിർമ്മാണം ആരംഭിക്കുന്നതാണ്. |
| (ഇ) | ഇതിന്റെ പ്രവർത്തനം എന്നത്തേക്ക് ആരംഭിക്കുവാൻ സാധിക്കുമെന്നാണ് ഉദ്ദേശിക്കുന്നത് ; | | |

| | | | |
|---|---|---|---|
| (എഫ്) | ഇതുമായി ബന്ധപ്പെട്ട് കേന്ദ്ര റെയിൽവെ മന്ത്രാലയവുമായി എന്തെങ്കിലും കാര്യങ്ങൾക്ക് സർക്കാർ ഇടപെട്ടിട്ടുണ്ടോ? | (എഫ്) | നടപടി സ്വീകരിച്ചിട്ടുണ്ട്. ടി പദ്ധതി 2013 -14 ൽ തന്നെ നടപ്പിലാക്കുന്നതിന് ആവശ്യമായ വകയിരുത്തലുകൾ 2013 - 14 ലെ റയിൽവേ ബഡ്ജറ്റിൽ ഉൾക്കൊള്ളിക്കണമെന്ന് കേരളത്തിന്റെ റയിൽവേ ആവശ്യങ്ങൾ സംബന്ധിച്ച് 2012 നവംബർ മാസം കേന്ദ്ര സർക്കാരിനു സംസ്ഥാന സർക്കാർ സമർപ്പിച്ച നിവേദനത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ